ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംങ്,
ശാന്തി നഗർ,തിരുവനന്തപുരം.

No.Acd/Spc(2)/75637/2017/HSE **തീയതി : 12/06/2017**

## സർക്കുലർ

**വിഷയം**:- ഹ.സെ.വി.- പോർട്ടൽ മുഖേന വിശദാംശങ്ങൾ അദ്ധ്യാപകരെ അറിയിക്കുന്നതു സംബന്ധിച്ച്.

സ്കൂളുകളിലേക്ക് ഹയർ സെക്കൻഡറി പോർട്ടൽ മുഖേന ലഭ്യമാക്കുന്ന വിശദാംശങ്ങൾ അദ്ധ്യാപകരെ സ്കൂൾ മേലധികാരി അറിയിക്കാത്തതിനാൽ അദ്ധ്യാപക പരിശീലനം, വിവിധ ഡ്യൂട്ടി നിയമനം എന്നിവ സംബന്ധിച്ച് അദ്ധ്യാപകർക്ക് യഥാസമയം അറിയിപ്പു ലഭിക്കുന്നില്ലായെന്നും അദ്ധ്യാപകരുടെ സർവീസ് സംബന്ധിച്ച വിശദാംശങ്ങൾ upload ചെയ്യേണ്ട അറിയിപ്പുപോലും യഥാസമയം ലഭിക്കാത്തതിനാൽ സർവീസ് മാനദണ്ഡമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ പോലും നഷ്ടമാകുന്നതായും പരാതികൾ ലഭിച്ചിട്ടുള്ളതാണ്. ഇത്തരം പരാതികൾ ഒഴിവാക്കുന്നതിന് പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും അദ്ധ്യാപകർ അറിയേണ്ട ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ അദ്ധ്യാപകരെ രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്

**ഡയറക്ടർ**